# എമ്മാവൂസ് വചനദൂത്

## ഫലം നേടാൻ കൂടെയായിരിക്കുക

### ഒക്ടോബർ 16 (മിഷൻ ഞായർ)

### ഏലിയാസ്ലീവാ മൂശാകാലം 9-ാം ഞായർ

വിചിന്തനത്തിനായി നാം വിശുദ്ധ മത്തായിയുടെ സുവിശേഷം 10-ാം അധ്യായം ഒന്നുമുതൽ തുറന്നുവയ്ക്കുമ്പോൾ മൂന്നുനാലു വാക്യങ്ങൾ പുറകോട്ടു വായിക്കണം. കാരണം, ആ വാക്യങ്ങളുടെ പൂർത്തീകരണമാണ് അപ്പസ്തോലന്മാരെ അയയ്ക്കുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം വേലക്കാർക്കുവേണ്ടി പ്രാർത്ഥിക്കാൻ പറയുന്ന ഈശോ വേലക്കാരെ തരുന്നു. വിളയെല്ലാം പാകമായിട്ടും കൊയ്തെടുക്കുന്നില്ലെങ്കിൽ അവ വീണ്ടും മുളച്ച് ഫലശൂന്യമായിപോകും. അതാണ് ഈശോ ഇവിടെ ഉദ്ദേശിക്കുക. നാം ഇന്നു മിഷൻ സൺഡേ ആചരിക്കുമ്പോൾ വിത്തും വിളയും ഞാൻ യഥാവിധം കാത്തുസൂക്ഷിച്ചോ?



18 ഭീകരർ തങ്ങളുടെ കൂട്ടത്തിലേക്ക് ആളെക്കൂട്ടുകയും അവരെ അയക്കുകയും ചെയ്യുമ്പോൾ ഈ ലോകത്തിൽ അവർക്കു ലഭിക്കാവുന്ന എല്ലാത്തരത്തിലുള്ള സുഖസൗകര്യങ്ങളും നൽകിയാണ് പറഞ്ഞു വിടുക.



BRO. PRINCE CHENNAKKADAN

എന്നാൽ ക്രിസ്തു തന്റെ ശിഷ്യനെ അയക്കുമ്പോൾ ചില നല്ല നിർദ്ദേശങ്ങൾ കൊടുക്കുന്നുണ്ട്. രണ്ട് ഉടുപ്പുകൾ പാടില്ല, ചെരുപ്പ്, വടി എന്നിവ പാടില്ല, അരപ്പട്ടയിൽ നാണയം പാടില്ല. ആധുനിക ലോകത്തിന്റെ മായക്കാഴ്ചകൾക്കു പുറകെ പോകുമ്പോൾ ഇതെല്ലാം തീരെ വിരോധാഭാസമായി തോന്നാം. കാരണം, പണമില്ലാത്ത മിഷൻ പ്രവർത്തനങ്ങളെക്കുറിച്ച് ഒന്നു ചിന്തിക്കുവാൻ കൂടി നമുക്കാവില്ല. പക്ഷേ, യേശുനാഥൻ പറയുമ്പോൾ ഇവിടെ അർത്ഥമാക്കുക ഒരിക്കലും നിന്റെ ആശ്രയം പണത്തിലാകരുത്. നീ പിണമായി മാറും. മറിച്ച് മകനെ/മകളെ നിന്റെ ആശ്രയം എന്നിലാകണം. ദൈവം തരുന്ന വചനത്തിൽ ആശ്രയം വയ്ക്കുമ്പോഴാണ് നാം യഥാർത്ഥ ക്രിസ്ത്യാനിയാവുക. ക്രിസ്തുവിനെ അനുഗമിക്കുന്നവൻ കൂടെ നടക്കുന്നവനായിമാറണം. എന്നിൽനിന്നോ നിന്നിൽ നിന്നോ അകലയല്ല മറിച്ച് നിന്നോടുകൂടെ എപ്പോഴുമുള്ള നിന്റെ ദൈവത്തിന്റെ കൂടെ നടക്കുക. ഇങ്ങനെ കൂടെ നടന്നവരുടെ ചരിത്രം പറയുകയാണ് സഭയുടെ വിശുദ്ധർ. ലോകത്തിൽ സഭ തകർക്കപ്പെടുകയാണ് നശിപ്പിക്കപ്പെടുകയാണ് എന്നെല്ലാം പറയുമ്പോഴും സഭയിൽ ജീവിച്ച രക്തസാക്ഷികളുടെയും വിശുദ്ധരുടെയും മാതൃക ഇന്ന് അനേകജനങ്ങൾക്ക് പ്രചോദനമായി അതിലേറെ അവരുടെ മാർഗ്ഗദീപമായി മാറുന്നു.

വി. കൊച്ചുത്രേസ്യയെക്കുറിച്ച് നാം അനേകം കേട്ടിട്ടുണ്ട് ചെറുപ്പത്തിൽ സ്വർഗ്ഗം പുൽകിയവൾ. ലോകത്തിന്റെ കോണുകളിൽ മിഷൻ പ്രവർത്തനം നടത്താത്തവൾ. മഠത്തിന്റെ നാല് ചുവരുകൾക്കുള്ളിൽ ദൈവത്തിൽ പൂർണ്ണ ആശ്രയം വച്ച് ജീവിച്ചപ്പോൾ അനേകർക്കുവേണ്ടി ദൈവത്തോടു മാദ്ധ്യസ്ഥ്യം യാചിച്ചപ്പോൾ അവളുടെ ജീവിതത്തെ അൾത്താരയിൽ വണങ്ങുന്നതിനായി ദൈവം അവളെ ഒരുക്കി. സ്നേഹം ദൈവത്തിൽ നിന്നും വാങ്ങിനൽകാൻ ഇത്രയേറെ തിടുക്കം കാട്ടിയ വേറെയൊരു വിശുദ്ധയില്ല ആ ചെറിയ

സാഹചര്യത്തിലും ജീവിച്ചിട്ടും കൊച്ചുത്രേസ്യ ഒരു വിശുദ്ധയും, വേദപാരംഗതയും ആഗോള മിഷൻ പ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥയും ആയെങ്കിൽ ഒരുപാട് നല്ല സാഹചര്യങ്ങൾ ഉള്ള നമ്മുടെ ജീവിതവും ദൈവത്തിന് വേണ്ടി മാറ്റിവയ്ക്കുന്ന ഒന്നാകണം. സാഹചര്യങ്ങളെ പഴിച്ചിരിക്കാതെ നാം ആയിരിക്കുന്ന ചുറ്റപാടിൽ നമ്മൾക്ക് കഴിയുന്ന പ്രേഷിതപ്രവർത്തനം നടത്താം. മദ്യം, മയക്കുമരുന്ന് എന്നിവയ്ക്കു അടിമപ്പെട്ടു പോകുന്ന നമ്മുടെ ബാല്യ-കൗമാരക്കാരെ ജീവിതത്തെ ശരിയായ വഴിയിലേക്ക് തിരിച്ചുകൊണ്ടുവൻ സാധിച്ചാൽ, ഏറ്റവും പ്രധാന കാര്യമാണ്. ഒരു സ്നേഹത്തോടെയുള്ള നോട്ടത്തിലൂടെയോ, സംസാരത്തിലൂടെയോ ഇന്നത്തെ അവഗണിക്കപ്പെടുന്നവർക്ക് ഒരു സാന്ത്വനം നൽകാൻ പറ്റിയാൽ, നമ്മുടെ ജീവിതത്തിൽ പ്രേഷിതപ്രവർത്തനം നടന്നു കഴിഞ്ഞു. ഇന്നിന്റെ വിശുദ്ധരായ മദർ തെരേസയും, ഫാ. ഡാമിയേനും, വി. അൽഫോൻസാമ്മയുമെല്ലാം നൽകുന്ന പാഠം ഇതുതന്നെയാണ്. ഈശോ അയക്കുന്നതിനു മുമ്പേ ചെയ്യുന്നത് പേരുചൊല്ലി വിളിച്ച് തന്റെ ശിഷ്യരെ മാറ്റിനിർത്തുകയാണ്. ബൈബിൾ പണ്ഡിതന്മാർ പറയും ഒന്നിച്ചു നടന്ന പ്രവർത്തിയല്ല ഇതുരണ്ടും മറിച്ച് അയച്ചത് ആരെയാണ് എന്നതിന്റെ പ്രധാന്യം കാണിക്കാനായിട്ട് ഇവിടെ ചേർത്തിരിക്കുന്നതാണ്. മർക്കോസിന്റെ സുവിശേഷത്തിൽ തിരഞ്ഞെടുപ്പിനെക്കുറിച്ച് പറയുമ്പോൾ വളരെ പ്രധാനപ്പെട്ട ഒരു ഉദ്ദേശ്യം പറഞ്ഞുവയ്ക്കുന്നു: മർക്കോ. 3:14-ൽ പറയുന്നു, തന്നോടുകൂടെയായിരിരിക്കാൻ ഈശോ ശിഷ്യന്മാരെ വിളിച്ചു എന്ന്. എന്നു പറഞ്ഞാൽ ക്രിസ്തുശിഷ്യന്റെ ആദ്യത്തെ ജോലി എന്നു പറയുക ദൈവത്തിന്റെ കൂടെ ആയിരിക്കുക എന്നതാണ്. അതിൽനിന്നും ശക്തിസ്വീകരിച്ച് നാം പ്രേഷിതരാകണം. ഏതു നിമിഷവും ദൈവത്തോടു നാം ഒന്നായിരിക്കണം. അപ്പോൾ മാത്രമേ നമ്മുടെ മിഷൻ ഏതെന്നു വെളിപ്പെടുകയുള്ളൂ. നാം ഓരോ ദിവസവും ബലിയർപ്പണത്തിന് അണയുമ്പോൾ മറക്കാതിരിക്കണം ദൈവം തന്നത്തന്നെ വിളിപ്പെടുത്തുന് സമയമാണിതെന്ന്. തിരുവോസ്തി രൂപൻ നിങ്ങളിൽ വരുമ്പോൾ ദൈവമേ എന്നെയും അങ്ങയുടെ ഉപകരമാക്കണമേ, എന്ന പ്രാർത്ഥനയോടെ വി. ബലി തുടരാം.

